REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 06-07-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ വിദേശ പര്യടനം ഇന്ന് ആരംഭിക്കും.
- രണ്ട് ദിവസത്തെ ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് ഇന്ന് കൊച്ചിയിൽ തുടക്കം.
- പ്ലസ് വൺ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം രാവിലെ കോഴിക്കോട്ട്.
- കേരളത്തിൽ മഴ കനക്കുന്നു- കാസർകോട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത.
- ഫിഫ ലോകകപ്പ് ഫുട്ബോളിൽ ബ്രസീലിനെ തകർത്ത് നോർവെ ക്വാർട്ടറിൽ.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ വിദേശ പര്യടനം ഇന്ന് ആരംഭിക്കും. ഇൻഡൊനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളാണ് മോദി സന്ദർശിക്കുന്നത്. സന്ദർശനത്തിന്റെ ആദ്യദിവസമായ ഇന്ന് പ്രധാനമന്ത്രി ഇൻഡൊനേഷ്യയിലെത്തും.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).......

ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്റോയുടെ ക്ഷണപ്രകാരം ബുധനാഴ്ച വരെയാണ് നരേന്ദ്രമോദിയുടെ ഇന്തോനേഷ്യൻ സന്ദർശനം.

**സമുദ്ര സുരക്ഷാ സഹകരണം ഇരുനേതാക്കളും ചർച്ച ചെയ്യും. പ്രധാനമന്ത്രി മോദിയുടെ നാലാമത്തെ ഇന്തോനേഷ്യൻ സന്ദർശനമാണിത്.**

**ജക്കാർത്തയിൽ, ഇന്ത്യൻ പ്രവാസികളുടെ സമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും,**

**ഇൻഡൊനേഷ്യയിലെ സാംസ്കാരികവും ചരിത്രപ്രധാനവുമായ യോഗ്യകർത്താ നഗരം നരേന്ദ്രമോദി സന്ദർശിക്കും. മലാക്കാ കടലിടുക്ക് സമുദ്രമേഖലയുടെ സുരക്ഷയിലും സ്ഥിരതയിലും പ്രധാന പങ്കുവഹിക്കുന്ന ഇൻഡൊനേഷ്യയുമായി സമുദ്ര മേഖല സംബന്ധിച്ച് പ്രധാനമന്ത്രി ചർച്ച നടത്തും.**

**തുടർന്ന് ഓസ്ട്രേലിയയിലെ മെൽബണിലെത്തുന്ന പ്രധാനമന്ത്രി, ഇരുരാജ്യങ്ങളും തമ്മിലെ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ഈ മാസം 10, 11 തീയതികളിൽ അദ്ദേഹം ന്യൂസിലാൻഡിലെത്തുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു.**

✪✪✪

**വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കറിന്റെ പശ്ചിമേഷ്യൻ സന്ദർശനത്തിന് തുടക്കമായി. ഖത്തർ, ബഹ്റൈൻ, കുവൈറ്റ്, ഒമാൻ ഇൾപ്പെടെ രാജ്യങ്ങളാണ് വിദേശകാര്യ മന്ത്രി സന്ദർശിക്കുന്നത്.**

**സന്ദർശനത്തിന്റെ ആദ്യ ഘട്ടത്തിൽ ദോഹയിലെത്തിയ ജയശങ്കർ ഖത്തർ പ്രധാനമന്ത്രി മുഹമ്മദ് ബിൻ അബ്ദുൾറഹ്മാൻ ബിൻ ജാസിം അൽതാനിയുമായി കൂടിക്കാഴ്ച്ച നടത്തി. ഊർജ്ജം, വ്യാപാരം, നിക്ഷേപം, കണക്റ്റിവിറ്റി, സുരക്ഷ, ഉഭയകക്ഷി തുടങ്ങി സഹകരണത്തിന്റെ വിവിധ വശങ്ങൾ ഇരു നേതാക്കളും അവലോകനം ചെയ്തു.**

✪✪✪

**ഇന്ത്യ അധ്യക്ഷത വഹിക്കുന്ന രണ്ട് ദിവസത്തെ ബ്രിക്സ് വനിതാ മന്ത്രിതല യോഗം ഇന്ന് കൊച്ചിയിൽ ആരംഭിക്കും. 12 രാജ്യങ്ങളിലെ പ്രതിനിധികളാണ് യോഗത്തിൽ പങ്കെടുക്കുന്നത്. യോഗത്തിന്റെ എല്ലാ ഒരുക്കങ്ങളും കൊച്ചിയിൽ പൂർത്തിയായി.**

**'പ്രതിരോധശേഷി, നൂതനാശയങ്ങൾ, സഹകരണം, സുസ്ഥിരത എന്നിവ കെട്ടിപ്പടുക്കുക' എന്ന പ്രമേയത്തിൽ, കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. നേതൃത്വം, ഭരണം, സാമ്പത്തികം, ഡിജിറ്റൽ ഉൾപ്പെടുത്തൽ, കാലാവസ്ഥാ പ്രവർത്തനം എന്നിവയിൽ സഹകരണം ശക്തിപ്പെടുത്തുന്നതിന് അംഗരാജ്യങ്ങളിലെ മന്ത്രിമാർ ചർച്ച നടത്തും .**

✪✪✪

ബ്രിക്സ് രാജ്യങ്ങളിലെ മയക്കുമരുന്ന് വിരുദ്ധ ഏജൻസി മേധാവികളുടെ രണ്ട് ദിവസത്തെ യോഗത്തിന് അസമിലെ ഗോഹട്ടിയിൽ ഇന്ന് തുടക്കമാകും. ഇന്ത്യ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ബ്രിക്സ് അംഗരാജ്യങ്ങളിലെ മയക്കുമരുന്ന് നിയന്ത്രണ ഏജൻസികൾ തമ്മിലെ സഹകരണം കൂടുതൽ ആഴത്തിലാക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യും. ആഭ്യന്തര മന്ത്രാലത്തിനു കീഴിലെ നർക്കോട്ടിക് കൺട്രോൾ ബ്യൂറോയ്ക്കാണ് യോഗത്തിന്റെ ചുമതല. രാസലഹരിക്കെതിരായ പ്രവർത്തനങ്ങൾ, രഹസ്യാന്വേഷണ വിവരങ്ങൾ പങ്കുവയ്ക്കലും, ഏകോപനവും, ശേഷിവികസനവും സ്ഥാപനപരമായ സഹകരണവുമാണ് യോഗത്തിന്റെ ലക്ഷ്യങ്ങൾ.

✪✪✪

സഹകരണ മന്ത്രാലയത്തിന്റെ അഞ്ചാമത് സ്ഥാപക ദിനാഘോഷ പരിപാടി ഇന്ന് ന്യൂഡൽഹിയിൽ. ആഭ്യന്തര മന്ത്രിയും സഹകരണ വകുപ്പ് മന്ത്രിയുമായ അമിത് ഷാ ഭാരത് മണ്ഡപത്തിൽ സ്ഥാപക ദിനാഘോഷ ചടങ്ങിൽ പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ "സഹകാർ സേ സമൃദ്ധി" ദർശനത്തിന് അനുസൃതമായാണ് ചടങ്ങ് സംഘടിപ്പിക്കുന്നത്. ചടങ്ങിൽ നിരവധി പ്രധാന സംരംഭങ്ങൾക്ക് അദ്ദേഹം തറക്കല്ലിടും. 232 ധാന്യസംഭരണ ഗോഡൗണുകളും അമിത്ഷാ ഉദ്ഘാടനം ചെയ്യും.

✪✪✪

രാജ്യത്തേക്ക് വളങ്ങളും അസംസ്കൃത വസ്തുക്കളുമായി 15 കപ്പലുകൾ സുരക്ഷിതമായി ഹോർമുസ് കടലിടുക്ക് കടന്നതായി രാസവള മന്ത്രാലയം അറിയിച്ചു. ഇതിൽ യൂറിയയുമായി എട്ട് കപ്പലുകളും, ഡയമോണിയം ഫോസ്ഫേറ്റുമായി നാല് കപ്പലുകളും, സൾഫറുമായി മൂന്ന് കപ്പലുകളും ഉടൻ ഇന്ത്യയിലെത്തുമെന്നും മന്ത്രാലയം അറിയിച്ചു.

പശ്ചിമേഷ്യൻ സംഘർഷം ആഗോള വിതരണ ശൃംഖലയെ സാരമായി ബാധിച്ചുവെന്ന് കേന്ദ്രമന്ത്രി JP നദ്ദ പറഞ്ഞു. ഇത് വളത്തിന്റെ വില കൂടുന്നതിനും, കയറ്റുമതി സമയം വൈകിപ്പിക്കുന്നതിനും കാരണമായെന്നും നദ്ദ അറിയിച്ചു.

✪✪✪

ശ്രീരാമ ജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റ് അംഗങ്ങളുടെ യോഗം ഇന്ന് അയോധ്യയിൽ ചേരും. ട്രസ്റ്റിന് ലഭിച്ച സംഭാവനകളുടെ കണക്കെടുപ്പുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘത്തിന്റെ കണ്ടെത്തലുകൾ ഉൾപ്പെടെ സുപ്രധാന വിഷയങ്ങൾ യോഗം ചർച്ച ചെയ്യും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് യോഗം.

✪✪✪

പ്ലസ് വൺ പ്രവേശനോത്സവത്തിന്റെ സംസ്ഥാന തല പരിപാടി മന്ത്രി N ഷംസുദ്ദീൻ കോഴിക്കോട് തലക്കുളത്തൂരിൽ CMM HSS ൽ രാവിലെ ഉദ്ഘാടനം ചെയ്യും. MK രാഘവൻ MP മുഖ്യാതിഥിയാകും.

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്നേഹിൽ കുമാർ സിംഗ് പദ്ധതി വിശദീകരണം നൽകുന്ന യോഗത്തിൽ എലത്തൂർ MLA വിദ്യ ബാലകൃഷ്ണൻ അധ്യക്ഷയാകും.

രാവിലെ പത്തര മുതൽ ഉച്ചയ്ക്ക് ഒന്നു വരെ പ്ലസ് വൺ പ്രവേശനം നേടിയ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും 'ടീമാകാം പുതുയുഗ സ്വപ്നങ്ങൾക്കായി' എന്ന പേരിൽ ക്ലാസുകളും ഉണ്ടാകും.

✪✪✪

തൃശ്ശൂർ റെയിൽവേ സ്റ്റേഷന്റെ പുനർ വികസനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അവലോകനം ചെയ്തു. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ കോർപറേഷൻ മേയർ, ജില്ലയിലെ ജനപ്രതിനിധികൾ, റെയിൽവെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. സ്റ്റേഷന്റെ പുനർവികസന പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങൾ യോഗം ചർച്ച ചെയ്തു. യാത്രക്കാർക്കും, പൊതുജനങ്ങൾക്കുമുണ്ടാകുന്ന അസൗകര്യങ്ങൾ പരമാവധി കുറച്ച് പദ്ധതി നടത്തിപ്പിന്റെ ഏകോപനം യോഗം ഉറപ്പാക്കി. തൃശൂരിന്റെ മൾട്ടി മോഡൽ കണക്ടിവിറ്റി കൂടുതൽ മെച്ചപ്പെടുത്തുന്ന കാര്യവും യോഗത്തിൽ ചർച്ചയായി.

✪✪✪

കഴിഞ്ഞ വർഷത്തെ തൃശൂർ പുലിക്കളിക്ക് കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ച ധനസഹായം ലഭിക്കാതെ വന്ന സംഭവത്തിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപി യോഗം വിളിച്ചു ചേർത്തു. കേന്ദ്രഫണ്ട് ലഭിക്കാൻ ആവശ്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന് വീഴ്ച സംഭവിച്ചതായി യോഗം വിലയിരുത്തി. ഫണ്ട് ലഭ്യമാക്കുന്നതിന് സാധ്യതകൾ പരിശോധിച്ച് രണ്ടു ദിവസത്തിനകം മറുപടി നൽകുമെന്നും, അത് സാധ്യമല്ലെങ്കിൽ ഇത്തവണ കൂടുതൽ കേന്ദ്രസഹായം അനുവദിക്കാൻ ശ്രമിക്കുമെന്നും സുരേഷ് ഗോപി യോഗത്തെ അറിയിച്ചു.

✪✪✪

'എന്റെ ക്ഷയരോഗ മുക്ത കേരളം' പദ്ധതിയുടെ ഭാഗമായി 2025-ലെ മികച്ച ക്ഷയരോഗമുക്ത പഞ്ചായത്തുകൾക്ക് പുരസ്കാരം സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്ന് കോട്ടയത്ത് വിതരണം ചെയ്യും. തദ്ദേശ ഭരണ സ്ഥാപന പ്രതിനിധികൾക്ക് ക്ഷയരോഗ ബോധവൽക്കരണ പരിപാടിയും സ്പീക്കർ ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്ത് മഴ കനക്കുന്നു. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് സ്മിതി M പള്ളുരുത്തി,

.....................(വോയ്സ്)......................

✪✪✪

കണ്ണൂർ തളിപ്പറമ്പിനടുത്ത് പൂമംഗലത്ത് തോട്ടിൽ ഒഴുക്കിൽപ്പെട്ട മൂന്നുവയസുകാരനെ കാണാതായി. പരിയാരം കോരൻ പീടികയിലെ മുഹമ്മദ് നജ്മാനെയാണ് കാണാതായത്. ഇന്നലെ വൈകീട്ടാണ് സംഭവം.

✪✪✪

കനത്ത മഴയെത്തുടർന്ന് മുംബൈയിലെ മൻഖുർദ് മേഖലയിൽ മൂന്ന് നില കെട്ടിടം തകർന്ന് ആറ് പേർ മരിച്ചു. ഒരാൾക്ക് പരിക്കേറ്റു. സ്ഥലത്ത് NDRF ഉൾപ്പെടെ വിവിധ ഏജൻസികളുടെ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. ഇന്നലെ രാത്രിയായിരുന്നു അപകടം.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ബ്രസീലിനെ തകർത്ത് നോർവെ ക്വാർട്ടറിൽ. ഇപ്പോൾ മെക്സിക്കോ ഇംഗ്ലണ്ടിനെ നേരിടുകയാണ്.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ.

........(വോയ്സ്)..................

✪✪✪

ICC വനിതാ ട്വന്റി 20 ലോകകപ്പ് കിരീടം ഓസ്ട്രേലിയക്ക്. ലണ്ടനിലെ ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ ഫൈനലിൽ, ഇംഗ്ലണ്ടിനെ 7 വിക്കറ്റിന് തകർത്താണ് ഓസ്ട്രേലിയ കിരീടം നേടിയത്.

✪✪✪

വിംബിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസിൽ നൊവാക് ജോക്കോവിച്ച് ക്വാർട്ടറിൽ കടന്നു. റഷ്യയുടെ റോമൻ സഫിയുല്ലിനെയാണ് ജോക്കോവിച്ച്

പരാജയപ്പെടുത്തിയത്. വിംബിൾഡണിൽ ജോക്കോവിച്ചിന്റെ 106-ാം സിംഗിൾസ് വിജയമാണിത്.

വനിതാ സിംഗിൾസിൽ മുൻ ലോക ഒന്നാം നമ്പർ താരം നവോമി ഒസാക്കയും ക്വാർട്ടറിലെത്തി. ലോക ഒന്നാം നമ്പർ താരം അരീന സബലങ്കയെ തകർത്താണ് ഒസാക്കയുടെ ക്വാർട്ടർ പ്രവേശം. എട്ട് വർഷത്തിന് ശേഷമാണ് ഒസാക്ക സബലങ്കയ്ക്കെതിരെ വിജയം നേടുന്നത്.

✪✪✪

ഭാരതം എല്ലാ മേഖലയിലും കുതിക്കുകയാണെന്ന് C സദാനന്ദൻ മാസ്റ്റർ MP പറഞ്ഞു. എല്ലാവരേയും ഒന്നായി കാണുന്ന ഗവണ്മെന്റാണ് രാജ്യം ഭരിക്കുന്നതെന്നും അദ്ദേഹം കോഴിക്കോട്ട് കുട്ടി ഗോപാലൻ അനുസ്മരണത്തിൽ പറഞ്ഞു.

മാങ്കാവിൽ കുട്ടിഗോപാലൻ സ്മാരകമന്ദിരത്തിന് സദാനന്ദൻ മാസ്റ്റർ തറക്കല്ലിട്ടു.

✪✪✪

വായന മാസാചരണത്തിന്റെ ഭാഗമായി കാസർകോട് ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഉച്ചകഴിഞ്ഞ് ബഷീർ അനുസ്മരണവും ബഷീർ ചെറുകഥ പുരസ്കാര വിതരണവും സംഘടിപ്പിക്കും. കുട്ടമത്ത് ഗവ:ഹയർസെക്കണ്ടറി സ്കൂളിലെ പരിപാടിയിൽ പ്രമുഖ സാഹിത്യ നിരൂപകൻ EP രാജഗോപാലൻ ബഷീർ അനുസ്മരണ പ്രഭാഷണം നടത്തും. ചടങ്ങിൽ ബഷീർ ചെറുകഥാ പുരസ്കാരം യുവ എഴുത്തുകാരൻ KV അർജുൻ ഏറ്റുവാങ്ങും.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി കോഴിക്കോട്ട് മഫ്ടിയിൽ പട്രോളിംഗ് ഡ്യൂട്ടി ചെയ്യുകയായിരുന്ന പൊലീസുകാരെ ആക്രമിച്ച കേസിൽ കക്കോടി സ്വദേശി മുഹമ്മദ് ഹാഷിം തമിഴ്നാട് സ്വദേശി വേൽമുരുകൻ എന്നിവരെ കസബ പൊലീസ് പിടികൂടി. കസബ സ്റ്റേഷനിലെ രഞ്ജിത്ത്, അനൂപ് ലാൽ എന്നിവരെയാണ് ആക്രമിച്ചത്.

✪✪✪

---

.

*News Editor & News Reader: വി കെ സുരേഷ്*
*News Team: രജിന കെ, അൻഷ കരീം*
*DEO : ഷീബ*